₹ 5/-

# റിയൽ ലൈഫ് വോയ്സ്

# R E A L  L I F E  V O I C E

Monthly

Volume 11
Issue 3

**September 2022**

pages 24

"മനുഷ്യാ, നല്ലത് എന്തെന്ന് അവൻ നിനക്ക് കാണിച്ചുതന്നിരിക്കുന്നു: ന്യായം പ്രവർത്തിപ്പാനും ദയാതത്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്?"

**(മീഖാ 6:8)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

Volume 11 Issue 3 September 2022 pages 24 Rs.5/



**Email:**
reallifekottekad@gmail.com

**Website:**
www.reallifevoice.in


**Book No. 129**


**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

**ദയവായി മണിഓർഡർ അയയ്ക്കരുത്**

*Bank:*
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


## ഉള്ളടക്കം


| | പേജ് |
|---|---|
| • അപമാനിക്കപ്പെടുന്ന അദ്ധ്യാപകർ | 3 |
| • പ്രതികരണങ്ങൾ | 6 |
| • ദൈവത്തിന്റെ വിശ്വസ്തത (5) | 7 |
| • റോമർ 16ലെ ദൈവമക്കൾ (2) | 10 |
| • ഹബക്കൂക് (7) | 13 |
| • കൊച്ചുണ്ണിയുടെ ...വായന (21) | 16 |
| • ചോദ്യവും ഉത്തരവും (30) | 18 |
| • ... ദുരന്തക്കാഴ്ചകൾ (62) | 21 |
| • പ്ലാസ്റ്റിക് പരിശോധന | 24 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# അപമാനിക്കപ്പെടുന്ന അദ്ധ്യാപകർ

മാതാ പിതാ ഗുരു ദൈവം എന്ന് പറഞ്ഞുകൊണ്ട് അദ്ധ്യാപകന് (ഗുരുവിന്) മാതാപിതാക്കളോടും ദൈവത്തോടും ഒപ്പം സ്ഥാനം കൊടുത്തിരിക്കുന്ന ലോകമാണിത്. പക്ഷേ പറഞ്ഞിട്ടെന്തു കാര്യം? ഇന്നത്തെ വിദ്യാർത്ഥികൾക്ക് മാതാപിതാക്കളേയും പേടിയില്ല, ദൈവത്തേയും പേടിയില്ല; പിന്നെയല്ലേ അദ്ധ്യാപകർ! സ്കൂളുകളിൽ പഠിപ്പിക്കുന്ന ചില അദ്ധ്യാപകരും കോളേജുകളിൽ പഠിപ്പിക്കുന്ന ഒട്ടു മിക്കവാറും എല്ലാ അദ്ധ്യാപകരും പലപ്പോഴും അപമാനിക്കപ്പെട്ട നിലയിലാണ് അവിടെയെല്ലാം കഴിഞ്ഞുകൂടുന്നത്.

വിദ്യാർത്ഥിയൂണിയനുകൾ ഉള്ളയിടങ്ങളിലെ കാര്യം പറയാതിരിക്കുകയാണ് ഭേദം. കുട്ടികളെ പേടിച്ച് അദ്ധ്യാപകർ കഴിഞ്ഞുകൊള്ളണമെന്ന മനോഭാവമാണ് ഇവർ വച്ചുപുലർത്തുന്നത്. ക്ലാസ്സുമുറികളിൽ പോലും അവരുടെ ഇഷ്ടപ്രകാരം വേണം അദ്ധ്യാപകർ പെരുമാറേണ്ടത്. ഇല്ലെങ്കിൽ കുട്ടികൾ അവരുടെ 'തറവാട്ടുസ്വഭാവം' കാണിക്കും. ചിലപ്പോൾ തല്ലിയെന്നും വരും. തന്റേടത്തോടെ നിലകൊണ്ട ഒരു പ്രിൻസിപ്പലിന്റെ കാൽ തല്ലിയൊടിക്കുകയും മറ്റൊരു പ്രിൻസിപ്പലിന്റെ കസേര കത്തിക്കുകയും ഒക്കെ ചെയ്തിട്ടുണ്ട് ഇവിടത്തെ കുട്ടിരാഷ്ട്രീയക്കാർ.

**മാതാപിതാക്കളുടെ മനോഭാവം**

മാതാപിതാക്കളുടെ മനോഭാവത്തിൽ വന്ന മാറ്റം എന്നെ അത്ഭുതപ്പെടുത്തുന്നുണ്ട്. എന്റെ കുട്ടിക്കാലത്ത് അദ്ധ്യാപകൻ വഴക്ക് പറയുകയോ അടി തരികയോ ചെയ്താൽ, അക്കാര്യം വീട്ടുകാർ അറിഞ്ഞാൽ, അവർ ആ അദ്ധ്യാപകനെ ഇഷ്ടപ്പെടുകയാണ് ചെയ്തിരുന്നത്. എന്നാൽ കാലം മാറി. പൂങ്കണ്ണീർ ഒലിപ്പിച്ചുകൊണ്ട് മക്കൾ വന്ന് അദ്ധ്യാപകനെതിരെ സംസാരിക്കുമ്പോഴേക്കും ആ അദ്ധ്യാപകനെതിരെ കലിപൂണ്ട് ഉറഞ്ഞുതുള്ളുന്നവരായി ഇന്നത്തെ മാതാപിതാക്കൾ മാറിയിരിക്കുന്നു! മക്കളുടെ പ്രീതി പിടിച്ചുപറ്റാനായി നടത്തുന്ന ഒരു മാതിരി തരംതാണ പ്രകടനമാണ് ഇത്. ഇത്തരം പെരുമാറ്റത്തിന് കനത്ത വില അവർ കൊടുക്കേണ്ടി വരും.

മക്കളോടുള്ള അതിരു കവിഞ്ഞ വാത്സല്യം, മക്കളെയുള്ള വിശ്വാസം ഇതാണ്  പല മാതാപിതാക്കളുടെയും പ്രശ്നം. സ്കൂളിലും കോളേജിലും പഠിക്കുന്ന മക്കളെ പേടിച്ചുകഴിയുന്ന ഒരുപാട് മാതാപിതാക്കൾ നമ്മുടെ നാട്ടിലുണ്ട്. വഴക്കുപറഞ്ഞാൽ മക്കൾ വീടുവിട്ട് പോകുമോ എന്ന ഭയം, ആത്മഹത്യ ചെയ്യുമോ എന്ന ഭയം, അവർ വന്ന് തങ്ങളെ തല്ലുമോ എന്ന ഭയവും ഉള്ളവരുണ്ട്. ഇവരുടെ ഈ ഭയം നിമിത്തം കുട്ടികൾ കടിഞ്ഞാണി ല്ലാത്ത കുതിരകളായി മാറുന്നു. മാതാപിതാക്കളുടെ ചെലവിൽ കഴിയുന്ന മക്കളെ നിലയ്ക്ക് നിറുത്തുവാൻ മാതാപിതാക്കൾക്ക് കഴിയില്ലെന്നോ!

**കോടതികളുടെ മനോഭാവം**

സമൂഹത്തിലെ അരാജകത്വത്തിന്റെ തീനാളങ്ങൾ കെടുത്തിക്കളയു വാൻ ചുമതലയുള്ള കോടതികൾ പലപ്പോഴും പുറപ്പെടുവിക്കുന്ന വിധികൾ സമൂഹത്തിന്റെ താളം തന്നെ തെറ്റിക്കുന്നവയായിപ്പോകാറുണ്ട്. പെൺകു ട്ടികൾ രാത്രി ഒരു നിശ്ചിതസമയം കഴിഞ്ഞ് പുറത്തുപോകരുതെന്ന് ഹോസ്റ്റൽ വാർഡൻ കർശനമായി പറഞ്ഞപ്പോൾ അതിനെതിരെ പെൺകു ട്ടികൾ കോടതിയിൽ പോവുകയും കോടതിയിൽനിന്ന് അനുകൂലവിധി സമ്പാദിക്കുകയും ചെയ്ത കാര്യം നാം പത്രങ്ങളിൽ വായിച്ചിട്ടുണ്ട്.

വിദ്യാലയത്തിലെയും കലാലയത്തിലെയും അച്ചടക്കം നിലനിറുത്തു ന്നതിനായി അധികൃതർ എടുക്കുന്ന പല തീരുമാനങ്ങളും കോടതികൾ റദ്ദാ ക്കാറുണ്ട്. ഫലമോ? കഞ്ചാവും കള്ളും പ്രേമവും സെക്സും ആയി മുന്നേ റുന്ന കൗമാരക്കാർ സ്വതന്ത്രമായി വിഹരിക്കാൻ ഇടയാവുന്നു, അത്ര തന്നെ. ഭൂരിപക്ഷം വരുന്ന കുട്ടികളുടെ പ്രീതി പിടിച്ചുപറ്റാനായിട്ടായിരി ക്കുമോ കോടതികൾ ഇതുപോലെ പെരുമാറുന്നത് എന്നു ചിലർ സംശയം പ്രകടിപ്പിച്ചു കേട്ടിട്ടുണ്ട്.

**വിദ്യാർത്ഥികളുടെ മനോഭാവം**

സ്കൂൾ-കോളജ് ലൈഫ് അടിച്ചുപൊളി ജീവിതം നയിക്കാനുള്ളതാ ണെന്നാണ് വിദ്യാർത്ഥികൾ പലരുടെയും ചിന്ത. അതുകൊണ്ട് അവരുടെ മുടി, വേഷം, ബൈക്ക് എന്നിവയിലെല്ലാം ഈ ചിന്തയുടെ പ്രതിഫലനം കാണാം. അറിവു നേടി എനിക്ക് വളരണമെന്നോ, നല്ലൊരു ജോലി സമ്പാ ദിക്കണമെന്നോ, എന്റെ അപ്പനും അമ്മയ്ക്കും ഒരു തണലാകണമെന്നോ, സമൂഹത്തിന് ഒരു സാന്ത്വനമാകണമെന്നോ ഇവർ ചിന്തിക്കുന്നില്ല.

പ്രായപൂർത്തിയാകാത്ത ഒരു പ്ലസ്റ്റു വിദ്യാർത്ഥിനി, കഞ്ചാവിന്റെ ആൾരൂപമായ മട്ടാഞ്ചേരി മാർട്ടിനോട് സംസാരിക്കുന്ന വീഡിയോ സമൂഹ മാധ്യമങ്ങളിൽ തരംഗമായിരുന്നു. നാം പലരും അത് കേട്ടവരാണ്. “പൊക യൊക്കെ വിട്ട് ഇങ്ങനെ നടക്കുന്നു മച്ചാനേ” എന്നു വളരെ കൂളായി ആ

പതിനഞ്ചുകാരി പറയുന്നത് ഒരു നടുക്കത്തോടെ മാത്രമാണ് നാം കേട്ടത്. കൊച്ചുപെൺകുട്ടികൾ വരെ ലഹരിയുടെ അടിമകളായിക്കഴിഞ്ഞുവെന്നോ! പിന്നെ ആൺപിള്ളേരുടെ കാര്യം ഊഹിക്കാവുന്നതല്ലേയുള്ളൂ.

**അദ്ധ്യാപകരുടെ മനോഭാവം**

എന്തു ചെയ്താലും പ്രശ്നമായതുകൊണ്ട് അദ്ധ്യാപകർ ഇപ്പോൾ നോക്കുകുത്തികളായിക്കഴിഞ്ഞു. വഴക്ക് പറഞ്ഞാൽ കുഴപ്പം, ഇന്റേണൽ മാർക്ക് കുറച്ചാൽ കുഴപ്പം, ക്ലാസ്സിൽനിന്നും പുറത്താക്കിയാൽ കുഴപ്പം... ഈ കുഴപ്പങ്ങളെല്ലാം നിമിത്തം അദ്ധ്യാപകർ വലിയ കുഴപ്പത്തിലായിരിക്കയാണ്. പാവകൾ കണക്കെ ക്ലാസ്സുകൾ എടുക്കുക. ശമ്പളം കിട്ടുന്നത് മാത്രമാണ് ആകെയൊരു ആശ്വാസം. കുട്ടികൾ വൈകി വരുന്നതോ, അസൈൻമെന്റ് വയ്ക്കാത്തതോ ഒന്നും ചോദിക്കാൻ അവർ മിനക്കെടുന്നില്ല. ആത്മാർത്ഥത കാണിച്ചിട്ട് കാര്യമില്ലാത്തതുകൊണ്ട് അവർ വല്ലവിധം ക്ലാസ്സെടുത്ത് പോകുന്നു.

ചില അദ്ധ്യാപകർ കുട്ടികളോടൊപ്പം ചേർന്നുപോകുന്നവരാണ്. അവരോടൊപ്പം മദ്യപിക്കുകയും അവരുടെ പ്രേമത്തിനു ഇടനിലക്കാരായി നിൽക്കുകയും ഒക്കെ ചെയ്തുകൊണ്ട് വിദ്യാർത്ഥികളുടെ 'ചങ്ക്സ്' ആയി അറിയപ്പെടാൻ ആഗ്രഹിക്കുന്നവർ. കുട്ടികളുടെ താളത്തിനൊത്ത് തുള്ളുന്നവർ. കുട്ടികളെ സന്തോഷിപ്പിച്ചു നിർത്തിയാലേ രക്ഷയുള്ളൂ എന്നു മനസ്സിലാക്കിയവർ.

**എന്റെ മനോഭാവം**

രണ്ട് പാരലൽ കോളേജുകളിലും രണ്ട് സ്വാശ്രയകോളേജുകളിലും ഞാൻ പഠിപ്പിച്ചിട്ടുണ്ട്. കുട്ടികൾക്ക് കീഴടങ്ങിക്കൊണ്ട് ക്ലാസ്സെടുക്കാൻ ഞാൻ തയ്യാറല്ലാത്തതുകൊണ്ട് പല പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. പാരലൽകോളേജുകളിലെ അദ്ധ്യാപനം താരതമേന കുഴപ്പമില്ലായിരുന്നു. എന്നാൽ സ്വാശ്രയകോളേജുകളിൽ കുട്ടികളുമായി പലപ്പോഴും ഉടക്കേണ്ടി വന്നു. കുട്ടികളുടെ പക്ഷം നിന്നുകൊണ്ട് അദ്ധ്യാപകർക്കെതിരെ സംസാരിക്കുന്ന വിധത്തിൽ പല രക്ഷിതാക്കളും അധഃപതിച്ചുപോയതുകൊണ്ട് അദ്ധ്യാപകജീവിതം മുന്നോട്ടു കൊണ്ടുപോകുന്നതിൽ വലിയ തോതിലുള്ള ബുദ്ധിമുട്ട് അനുഭവപ്പെട്ടിട്ടുണ്ട്.

അപമാനം സഹിച്ചുകൊണ്ട് അദ്ധ്യാപകജോലി ചെയ്യേണ്ട അവസ്ഥയാണ് ഇന്നുള്ളത്. കുട്ടികൾക്ക് കീഴടങ്ങി, അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് ക്ലാസ്സെടുക്കുന്ന അദ്ധ്യാപകർ തങ്ങളുടെ ജോലിയിൽ വിജയമാണെന്നു ഒരിക്കലും പറയാൻ കഴിയില്ല.

**(എംവിഎസ്)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയി ക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്. ഫോൺ: 95 44 557 557**

**K S Abraham, Kothamangalam, Ernakulam**

മൊബൈലിന്റെയും കമ്പ്യൂട്ടറിന്റെയും ദുരുപയോഗം സംബന്ധിച്ച് ടി. ജോൺമാത്യു എഴുതിയ ലേഖനം പ്രയോജനകരമായിരുന്നു. ഹബക്കൂകിന്റെ പഠനം വളരെ നല്ലതാണ്.

**A V Jose, Chowannur, Thrissur**

റിയൽ ലൈഫ് എല്ലാ ലക്കങ്ങളും ഞാൻ വായിക്കുന്നു. അതിമനോഹരം തന്നെ. ജൂലൈ ലക്കം എഡിറ്റോറിയൽ (*മതം മാറ്റം, മദമിളകേണ്ടതില്ല*) മനോഹരമായിരിക്കുന്നു. എഴുത്ത് അത്ഭുതമായിരിക്കുന്നു. ❍


**ENGLISH BIBLE FREE FOR ALL**

*റിയൽ ലൈഫ് വോയ്സ്* വായനക്കാർ മാസിക പൊതിഞ്ഞുവരുന്ന റാപ്പർ സഹിതം ഉടനെ താഴെപ്പറയുന്ന വിലാസത്തിൽ എഴുതി അറിയിക്കുക.

**Edenthottom,** (ഏദെൻതോട്ടം)
**Chowannur, Thrissur - 680 517**

Phone: 93 88 43 20 92

**അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു**

Pentecost parents invites proposal for their daughter who grew up in Mumbai, B Sc Nurse (31 years, 68 Kg, 5.4 ft) Cheramar Christian currently working as nurse in UK. She had short married life (11 days) legally divorced. Seeking alliance from educated (graduation or above), born again, loving, and caring boys. Contact No.**9892684239** WhatsApp: **9892684239/ 9136372460**

# ദൈവത്തിന്റെ വിശ്വസ്തത
## [ FAITHFULNESS OF GOD ]

**സാഗറിലെ സുവിശേഷകനായിരുന്ന ഡോ. റ്റി. എ. കുര്യന്റെ ജീവചരിത്രം**

**Prof. T. John Mathew**
പരിഭാഷ: എം. വി. സെബാസ്റ്റ്യൻ

5

റ്റി. എ. കുര്യൻ (കുഞ്ഞച്ചൻ)
**ഭാര്യ:**
മറിയാമ്മ കുര്യൻ
**പിതാവ്:**
റ്റി. കെ. എബ്രഹാം (അവറാച്ചൻ)
**മാതാവ്:**
അന്നമ്മ

**ഡോ. റ്റി. എ. കുര്യൻ**
**(1920–2007)**

**50–തിലധികം വർഷങ്ങൾ മദ്ധ്യപ്രദേശിലെ സാഗർ കേന്ദ്രമാക്കിക്കൊണ്ട് സുവിശേഷവേല ചെയ്തു.**

**ബൈബിളിന്റെ മൂലഭാഷകളായ ഹീബ്രുവും ഗ്രീക്കും പലരേയും പഠിപ്പിച്ചു.**

**ഹിന്ദിയിൽ 1036 പേജുകളുള്ള 'യീശു ചരിത മാനസ്' എന്ന മഹാകാവ്യം രചിച്ചു.**

**മഹാകവി കെ. വി. സൈമന്റെ ജീവചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിച്ചു.**

അദ്ദേഹത്തിന്റെ മക്കൾക്കും കൊച്ചുമക്കൾക്കും വായിച്ചു മനസ്സിലാക്കാൻ കഴിയണമെന്നാഗ്രഹിച്ചതിനാൽ ഈ ഗ്രന്ഥത്തിന്റെ രചന ഇംഗ്ലീഷിലാണ് ഗ്രന്ഥകർത്താവ് നിർവ്വഹിച്ചത്. കേരളത്തിലെ വിശ്വാസികൾക്കു വേണ്ടി അത് പരിഭാഷപ്പെടുത്തി ഇവിടെ പ്രസിദ്ധീകരിക്കുന്നു.
**(എഡിറ്റർ)**

### മഹാകവി കെ.വി.സൈമന്റെ യോഗങ്ങൾ

പത്തോ ഇരുപതോ കിലോമീറ്റർ ദൂരത്തിൽ വിശ്വാസികളുടെ യോഗം ഉണ്ടാകുമ്പോഴെല്ലാം കുഞ്ഞച്ചന്റെ കുടുംബാംഗങ്ങളും എഴുമറ്റൂർസഭയിലെ മറ്റു അംഗങ്ങളും അവിടെ പോയി അതിൽ സംബന്ധിക്കുമായിരുന്നു. അക്കാലത്ത് ആ പ്രദേശത്തെ യാത്രാരീതി കാൽനട മാത്രമായിരുന്നു. തുടർച്ചയായി നടന്ന് പത്തോ ഇരുപതോ കിലോമീറ്റർ അകലെയുള്ള ലക്ഷ്യസ്ഥാനത്ത് എത്താൻ അനേകം മണിക്കൂറുകൾ എടുക്കുകയും വളരെയധികം ക്ഷീണമുളവാക്കുകയും ചെയ്യും; എങ്കിലും ആളുകൾ യാതൊരു മടിയും കാണിച്ചിരുന്നില്ല.

മഹാകവി കെ. വി. സൈമന്റെ നേതൃത്വത്തിൽ നടക്കുന്ന യോഗങ്ങളിൽ പങ്കെടുക്കാനായി മാതാപിതാക്കൾ അവരുടെ കുഞ്ഞുങ്ങളെ കയ്യിലും തോളിലുമായി ചുമന്നുകൊണ്ട് ദൂരെയുള്ള സ്ഥലങ്ങളിലേക്ക് പോകുമായിരുന്നു. കുഞ്ഞച്ചന്റെ കൗമാരപ്രായത്തിൽ അവന്റെ മാതാപിതാക്കളും അങ്കിളും ഇത്തരം മീറ്റിംഗുകളിലേക്ക് അവനെ കൊണ്ടുപോകാറുണ്ട്. അങ്ങനെ ചെറുപ്രായത്തിൽതന്നെ ബൈബിളിലെ പല കാര്യങ്ങളും പഠിക്കാൻ അവനു കഴിഞ്ഞു.

മഹാനായ പരിഷ്കർത്താവ്, വേദപണ്ഡിതൻ, സഭാചരിത്രകാരൻ, വാക്ചാതുര്യമുള്ള പ്രഭാഷകൻ, മഹാകവി, ആത്മീയഗാനങ്ങളുടെ രചയിതാവ്, സത്യക്രിസ്ത്യാനിത്വത്തെ എതിർക്കുന്ന എല്ലാവരുടെയും ബൗദ്ധിക എതിരാളി എന്നീ നിലകളിൽ പ്രശസ്തനായ മഹാകവി കെ.വി. സൈമനോട് കുഞ്ഞച്ചന് വലിയ ആദരവ് തോന്നി. മലങ്കരയിലെ 'മാർട്ടിൻ ലൂഥർ' ആയ കെ. വി. സൈമനെ മഹാപരിഷ്കർത്താക്കളും മിഷനറിമാരുമായ ജോൺ വിക്ലിഫ്, ജോൺ ഹസ്സ്, വില്യം കേറി, ഹഡ്സൺ ടെയ്ലർ, അഡോണിറാം ജഡ്സൺ തുടങ്ങിയവരുടെ പരമ്പരയിൽപ്പെട്ട ഒരാളായാണ് കുഞ്ഞച്ചൻ വീക്ഷിച്ചത്. *(മലങ്കര = കേരളത്തിന്റെ പുരാതന നാമം)*

കെ.വി. സൈമന്റെ പ്രസംഗങ്ങൾ കേൾക്കുമ്പോഴെല്ലാം കുഞ്ഞച്ചന് വലിയ സന്തോഷം തോന്നുകയും അദ്ദേഹത്തെപ്പോലെ യേശുക്രിസ്തുവിന്റെ നല്ലൊരു ദാസനായി സ്വയം പരിശീലിപ്പിക്കാനുള്ള അതിയായ ആഗ്രഹം ഉണ്ടാവുകയും ചെയ്തു. ദൈവവചനത്തെക്കുറിച്ചുള്ള അഗാധമായ അറിവ്, കാവ്യജ്ഞാനം, യുക്തിപരവും പ്രസംഗപരവുമായ വൈദഗ്ദ്ധ്യം, കർത്താവിനോടുള്ള അതിയായ സ്നേഹം, കർത്താവിന്റെ കുരിശ് ചുമന്നുകൊണ്ട് അവനെ സേവിക്കാനുള്ള തീവ്രമായ ആഗ്രഹം എന്നിവയാൽ ജ്വലിക്കുന്ന സൈമന്റെ ആത്മീയ പ്രഭാഷണങ്ങൾ കുഞ്ഞച്ചനെ വളരെ സ്വാധീനിച്ചു. ഭാഷകളിലും ദൈവവചനത്തിലും അറിവു നേടുവാനും അവ ദൈവനാമമഹത്വത്തിനായി ഉപയോഗിക്കാനുമുള്ള ത്വര അവനിലുണ്ടായി.

ഈ സ്വപ്നം സാക്ഷാത്കരിക്കാനുള്ള ആഗ്രഹത്തോടെയാണ് കുഞ്ഞച്ചൻ തന്റെ സ്കൂൾ കാലം കഴിച്ചുകൂട്ടിയത്.

**ആത്മീയ വീണ്ടുംജനനം**

ഒരു നല്ല കുട്ടി, മാതാപിതാക്കളെ അനുസരിക്കുന്നവൻ, എല്ലാവരോടും സൗഹൃദത്തോടെ സംസാരിക്കുന്നവൻ എന്നിങ്ങനെ കുഞ്ഞച്ചന്റെ സ്വഭാവം ഒരു ശരാശരി വിശ്വാസിയുടേതിന് തുല്യമായിരുന്നു. എന്നാൽ

യേശുക്രിസ്തു തന്റെ പാപങ്ങൾക്കുവേണ്ടി കുരിശിൽ മരിച്ചുവെന്നും മൂന്നാംനാൾ മരിച്ചവരുടെ ഇടയിൽനിന്നും ഉയിർത്തെഴുന്നേറ്റുവെന്നും വിസ്വസിക്കയും ഈ യേശുവാണ് തന്റെ കർത്താവും രക്ഷിതാവുമെന്ന് അംഗീകരിക്കയും ചെയ്യുമ്പോൾ മാത്രമേ ഒരാൾ ദൈവമകനാകൂ എന്ന വസ്തുതയെക്കുറിച്ച് കുഞ്ഞച്ചന്റെ അമ്മ ബോധവതിയായിരുന്നു.

അതുകൊണ്ട് കുഞ്ഞച്ചന് പന്ത്രണ്ടോ പതിമൂന്നോ വയസ്സുള്ളപ്പോൾ, ഒരു ദിവസം അവന്റെ അമ്മ അവനോട് ചില പ്രധാന വേദസത്യങ്ങൾ വിശദീകരിക്കാൻ ആഗ്രഹിക്കുന്നു എന്ന് പറഞ്ഞു. അവൾ അവനോടൊപ്പം ഒരു മുറിയിൽ ഇരുന്നുകൊണ്ട്, മാനസാന്തരപ്പെട്ട് ദൈവവചനം അനുസരിച്ചുകൊണ്ട് ജീവിക്കുവാൻ തീരുമാനിക്കേണ്ടതിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിക്കുന്ന ബൈബിളിലെ പ്രസക്തമായ ഭാഗങ്ങൾ കാണിച്ചുകൊടുത്തു. ഒരു നല്ല ധാർമ്മിക ജീവിതംകൊണ്ട് ദൈവപൈതൽ എന്ന പദവി സ്വന്തമാക്കാനാവില്ല എന്നു അവൾ വിശദീകരിച്ചുകൊടുത്തു.

മത്തായി 11:28, യോഹന്നാൻ 6:37 എന്നീ വാക്യങ്ങളുടെ വെളിച്ചത്തിൽ അമ്മ അത് വിശദീകരിച്ചപ്പോൾ കുഞ്ഞച്ചന് ഈ സത്യം മനസ്സിലായി. യേശുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ട് അവൻ ദൈവത്തോട് പ്രാർത്ഥിച്ചു. എന്നിരുന്നാലും, കുറച്ചു കാലത്തിനു ശേഷമാണ്, (ഒരു പക്ഷേ പതിനേഴാമത്തെ വയസ്സിൽ) അമ്മയുടെ വാക്കുകളെക്കുറിച്ച് അവന് കൂടുതൽ ആഴത്തിലുള്ള ഗ്രാഹ്യമുണ്ടായത്. അവൻ സ്വയം സമ്പൂർണ്ണമായി കർത്താവിനു സമർപ്പിച്ചു.

ഈ സമർപ്പണം, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് ഉത്തരേന്ത്യയിൽ രക്ഷിക്കപ്പെടാത്ത ദശലക്ഷക്കണക്കിന് ആളുകൾക്ക് സുവിശേഷം എത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവനെ ബോധവാനാക്കി. കർത്താവിനെക്കുറിച്ച് കേട്ടിട്ടില്ലാത്ത ആളുകളുടെ ഇടയിൽ സുവിശേഷം പ്രസംഗിക്കുന്നതിന് ഒരുങ്ങുവാൻ അവൻ ആഗ്രഹിച്ചു. ഒരു മിഷനറി ആകാനുള്ള അവന്റെ ആന്തരിക ദൃഢനിശ്ചയം ആറേഴു കൊല്ലത്തേക്ക് അവൻ ആരോടും വെളിപ്പെടുത്തിയില്ല.

താൻ ചെയ്തിരുന്ന അദ്ധ്യാപകജോലി ഉപേക്ഷിച്ച് ഉത്തരേന്ത്യയിൽ സുവിശേഷത്തിന്റെ വിത്ത് വിതയ്ക്കുവാൻ ദൈവം തന്നെക്കുറിച്ച് ആഗ്രഹിക്കുന്നുവെന്ന പൂർണ്ണബോധ്യം ഉണ്ടായതിനുശേഷം മാത്രമാണ് ഇക്കാര്യം മറ്റുള്ളവരോട് വെളിപ്പെടുത്തിയത്. കർത്താവിന്റെ വേലക്കാരനാകാനുള്ള ആന്തരിക ദൃഢനിശ്ചയം തന്നിലുണ്ടെന്ന് സ്കൂളിലെയും വീട്ടിലെയും പെരുമാറ്റത്തിൽനിന്നു വ്യക്തമായിരുന്നു.

**(തുടരും)**

# റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ

2

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

**2. പ്രിസ്ക** (ഗ്രീക്കിൽ, പ്രിസ്കിലാ)

**3. അക്വിലാവ്** (ഗ്രീക്കിൽ, അക്കൂയ്ലാ)

*"ക്രിസ്തുയേശുവിൽ എന്റെ കൂട്ടുവേലക്കാരായ പ്രിസ്കയെയും അക്വിലാവെയും വന്ദനം ചെയ്വിൻ. അവർ എന്റെ പ്രാണനുവേണ്ടി തങ്ങളുടെ കഴുത്തു വച്ചുകൊടുത്തവരാകുന്നു;* അവർക്കു ഞാൻ മാത്രമല്ല, ജാതികളുടെ സകല സഭകളുംകൂടെ നന്ദി പറയുന്നു. അവരുടെ വീട്ടിലെ സഭയെയും വന്ദനം ചെയ്വിൻ;" *(റോമർ 16:3-5)*

മൂന്നു കാര്യങ്ങളാണ് പ്രിസ്കയെയും അക്വിലാവെയും കുറിച്ച് അപ്പൊസ്തലനായ പൗലൊസ് ഈ വാക്യത്തിൽ പറയുന്നത്.

**1. പൗലൊസിന്റെ കൂട്ടുവേലക്കാർ**

അക്വിലാവും പ്രിസ്കില്ലയും ഭർത്താവും ഭാര്യയും ആയിരുന്നു (അപ്പൊ.പ്രവൃ. 18:2). അവർ കൂടാരപ്പണി ചെയ്തുകൊണ്ടാണ് വരുമാനം കണ്ടെത്തിയിരുന്നത് (18:3). പൗലൊസ് അവരോടുകൂടെ പാർത്തിട്ടുണ്ട് (18:3); അവരോടുകൂടെ യാത്ര ചെയ്തിട്ടുണ്ട് (18:18). അപ്പൊല്ലോസിനെ ക്രൈസ്തവ മാർഗ്ഗത്തിൽ നടത്തുന്നതിന് ഈ ദമ്പതികൾ ഉത്സാഹിച്ചിട്ടുണ്ട് (18:24-26). "ഞാൻ നട്ടു, അപ്പോല്ലൊസ് നനച്ചു" എന്നു പൗലൊസ് ഒരിക്കൽ സുവിശേഷവേലയോടുള്ള ബന്ധത്തിൽ എഴുതി (1 കൊരിന്ത്യർ 3:6). അപ്പൊല്ലൊസ് നനയ്ക്കുവാൻ പ്രാപ്തനായതിന്റെ പിന്നിൽ അക്വീലാ-പ്രിസ്കില്ല ദമ്പതികളുടെ അദ്ധ്വാനമുണ്ട്.

സ്വന്തമായി അദ്ധ്വാനിച്ചു വരുമാനം കണ്ടെത്തുകയും, അതോടൊപ്പം സുവിശേഷവേല ചെയ്യുകയും ചെയ്ത മാതൃകാദമ്പതികളാണ് ഇവർ. "എന്റെ കൂട്ടുവേലക്കാർ" എന്നു പൗലൊസ് അവരെ അഭിമാനത്തോടെ പരി

ചയപ്പെടുത്തുന്നു. കുടുംബജീവിതത്തിലെ പൊരുത്തക്കേടുകൾ നിമിത്തം, ആത്മികകാര്യങ്ങളുടെ ആക്കം കുറയുന്ന സന്ദർഭങ്ങൾ അനേകരുടെ ജീവിതത്തിൽ കാണുവാൻ കഴിയും. എന്നാൽ അക്വിലാവും പ്രിസ്കില്ലയും ആ കാര്യത്തിൽ തികഞ്ഞ മാതൃകയായിരുന്നു. അവർ ഒരുമിച്ച് ജീവിച്ചു; ഒരുമിച്ചു ജോലി ചെയ്തു; ഒരുമിച്ച് സുവിശേഷവേല ചെയ്തു; ഒരുമിച്ച് പൗലൊസിനോടുകൂടെ യാത്ര ചെയ്തു; അവർ ഒരുമിച്ച് അപ്പൊല്ലൊസിനെ പഠിപ്പിച്ചു.... എല്ലാം അവർ ഒരുമിച്ചായിരുന്നു. വേർപിരിയാത്ത ദമ്പതികൾ! കുടുംബജീവിതത്തിൽ പൊരുത്തക്കേടുണ്ടായാൽ ദൈവനാമം മഹത്വപ്പെടുകയില്ല എന്നു മനസ്സിലാക്കിയ ദമ്പതികളായിരുന്നു അവർ. അതുകൊണ്ടുതന്നെ ക്രൈസ്തവസഭയ്ക്ക് അവർ വളരെ പ്രയോജനകരമായിത്തീർന്നു.

### 2. പൗലൊസിന്റെ പ്രാണനുവേണ്ടി കഴുത്തു വച്ചുകൊടുത്തവർ

അക്വിലാ–പ്രിസ്കില്ല ദമ്പതികളുടെ ഐക്യം തൊഴിൽ ചെയ്യുന്നതിലും, സുവിശേഷവേല ചെയ്യുന്നതിലും, സഹോദരങ്ങളെ സത്കരിക്കുന്നതിലും മാത്രമായിരുന്നില്ല. ഒരു ഘട്ടത്തിൽ പൗലൊസിന്റെ ജീവൻ അപകടത്തിലായ സമയത്ത്, പൗലൊസിന്റെ കഴുത്ത് വെട്ടാൻ വന്ന അക്രമികളുടെ മുന്നിൽ അവരെ തടഞ്ഞുകൊണ്ട് ഈ ദമ്പതികൾ ഒരുമിച്ചു നിന്നു. പൗലൊസിന്റെ കഴുത്തല്ല, ആദ്യം ഞങ്ങളുടെ രണ്ടാളുടെയും കഴുത്തു വെട്ടൂ എന്ന നിലപാടുമായി അവർ ഉറച്ചുനിന്നു. തുടർന്ന് അക്രമികൾ പിന്തിരിഞ്ഞുപോവുകയും അങ്ങനെ പൗലൊസിന് തന്റെ പ്രാണനെ നഷ്ടപ്പെടാതിരിക്കുകയും ചെയ്തു.

കൂട്ടുസഹോദരനുവേണ്ടി ആ ദമ്പതികൾ കാണിച്ച ചങ്കൂറ്റം ശ്ലാഘനീയം തന്നെ! "പൗലൊസ് പെണ്ണും പിടക്കോഴിയും ഇല്ലാത്തവനാണ്; നാം അങ്ങനെയല്ല. നമുക്ക് ഒരുമിച്ചു കുറച്ചുകാലം കൂടി ജിവിക്കണം" എന്നു പറഞ്ഞ് അവർ മാറിക്കളഞ്ഞില്ല. അങ്ങനെ അവർ മാറിപ്പോയിരുന്നുവെങ്കിൽ, സാധാരണ നിലയിൽ അവിടെ പൗലൊസ് കൊല്ലപ്പെടുമായിരുന്നു. പക്ഷേ അക്വിലാവ്–പ്രിസ്കില്ലയുടെ ധീരതയുടെയും ഉറച്ച മനസ്സിന്റെയും മുമ്പിൽ അക്രമികൾ മുട്ടുകുത്തി. അപ്പൊല്ലോസ് ക്രൈസ്തവസഭയിൽ ശോഭിച്ചതിന്റെ പിന്നിൽ ഈ ദമ്പതികൾക്ക് പങ്ക് ഉണ്ടായിരുന്നതുപോലെ, പൗലൊസ് പിന്നീട് ചെയ്ത ശുശ്രൂഷകളെക്കുറിച്ച് നാം ഓർക്കുമ്പോൾ തീർച്ചയായും ഈ ദമ്പതികൾ തങ്ങളുടെ കഴുത്തുവച്ചു കൊടുത്തതിന്റെ പ്രാധാന്യം നമുക്കു കാണാവുന്നതാണ്.

കുടുംബജീവിതത്തിൽ, സുവിശേഷവേലയിൽ, തൊഴിൽ ചെയ്യുന്നതിൽ... എന്തിനധികം! രക്തസാക്ഷിയാകുന്ന കാര്യത്തിൽ പോലും അവർ ഒരേ അഭിപ്രായമുള്ളവരായിരുന്നു! എത്രയോ അനുഗൃഹീതരായ ഭാര്യാ

ഭർത്താക്കന്മാർ! രണ്ടും മൂന്നും മണിക്കൂർ ഉപദേശങ്ങളുടെ പരമ്പര തീർത്തും പ്രതിജ്ഞ ചൊല്ലിച്ചും നടത്തപ്പെടുന്ന വിവാഹങ്ങൾക്ക് പലതിനും അധികം ആയുസ്സില്ലാത്ത ഇക്കാലത്ത്, ജീവിതകാലം മുഴുവൻ ഒരേ അഭിപ്രായവും, ഒരേ ആശയവും, ഒരേ കാഴ്ചപ്പാടുമായി ജീവിച്ച ഈ ദമ്പതികൾ ഒരു പാഠപ്പുസ്തകം തന്നെയാണ് – നിസ്സാരകാരണങ്ങളെച്ചൊല്ലി പോലും കലഹിക്കുന്ന ആധുനികഭാര്യാഭർത്താക്കന്മാർ കുത്തിയിരുന്ന് പഠിക്കേണ്ട ഒരു പാഠപ്പുസ്തകം!

**3. അവരുടെ വീട്ടിൽ സഭയുണ്ടായിരുന്നു.**

1 കൊരിന്ത്യർ 16:19 ലും ഇക്കാര്യം പറയുന്നുണ്ട്. സഭാകൂടിവരവിനു വേണ്ടി സ്വന്തം ഭവനം അവർ തുറന്നുകൊടുത്തു. പല സ്വഭാവക്കാരായിട്ടുള്ള ആളുകൾ ഒരു വീട്ടിലേക്ക് സഭായോഗത്തിനായി വരുമ്പോൾ പല ബുദ്ധിമുട്ടുകളും ആ വീട്ടുകാർ അനുഭവിക്കേണ്ടിവരും. അതെല്ലാം അനുഭവിക്കാൻ ഈ ദമ്പതികൾ തയ്യാറായിരുന്നു. കർത്താവിന്റെ പേരിൽ എന്തു നഷ്ടവും സഹിക്കാനുള്ള മനസ്സ് ഇവർ രണ്ടുപേർക്കും ഉണ്ടായിരുന്നു. രണ്ടുപേരും അക്കാര്യത്തിൽ ഒരേ അഭിപ്രായക്കാരായിരുന്നു എന്നതാണ് നമ്മെ ആശ്ചര്യപ്പെടുത്തുന്നത്.

പുതിയനിയമത്തിൽ നാം കാണുന്ന മറ്റൊരു ദമ്പതികളാണ് അനന്യാസും സഫീരയും. അവരും ഐക്യമുള്ളവരായിരുന്നു. പക്ഷേ ആ ഐക്യം ദൈവനാമമഹത്വത്തിനു പറ്റിയ വിധമുള്ളതായിരുന്നില്ല. ഇവിടെയാണ് അക്വിലാവ്–പ്രിസ്കില്ലാ ദമ്പതിമാർ തമ്മിലുള്ള സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പ്രസക്തി നമുക്ക് കൂടുതൽ വ്യക്തമാകുന്നത്. തങ്ങളുടെ ഭവനത്തിൽ ഏതെങ്കിലും ദൈവമക്കൾ വല്ലപ്പോഴും വരുന്നതുപോലും ഇഷ്ടപ്പെടാത്തവരുണ്ടോ? ഉണ്ടെങ്കിൽ അറിയുക. ദൈവജനത്തിനുവേണ്ടി വാതിൽ തുറന്നിട്ടുള്ള ഭവനങ്ങൾ എന്നും അനുഗ്രഹിക്കപ്പെടും.

അംബരചുംബികളായ ഗോപുരങ്ങളോടുകൂടിയ പള്ളികളിൽ ജനം കർത്താവിനെ ആരാധിച്ചുവരുന്നത് എന്ന്, എങ്ങനെ, ആര് തുടങ്ങിയതാണോ, ആവോ? ഒന്നാം നൂറ്റാണ്ടിൽ ക്രിസ്ത്യാനികൾ കർത്താവിനെ ആരാധിച്ചുവന്നിരുന്നത് ഭവനങ്ങളിലാണ് (കൊലൊസ്യർ 4:15 ; ഫിലേമോൻ 1:2). എങ്കിലും ഭവനങ്ങളിൽ മാത്രമേ കർത്താവിനെ ആരാധിക്കാവൂ എന്നൊരു പ്രമാണം നാം കാണുന്നുമില്ല. ഏതായാലും, ദൈവജനം കൊടിയ പീഡ അനുഭവിച്ചിരുന്ന അക്കാലത്ത്, തങ്ങളുടെ ഭവനം സഭയ്ക്കായി തുറന്നുകൊടുത്തുകൊണ്ട്, "മഹാപ്രതിഫലമുള്ള ധൈര്യം" (എബ്രായർ 10:35) പ്രകടിപ്പിച്ച ദമ്പതികളാണിവർ.

**(തുടരും)**

# ഹബക്കൂക്
## (പുസ്തകപഠനം)

7

**-എംവിഎസ്-**

**ഹബക്കൂക് 1:8**

*അവരുടെ കുതിരകൾ പുള്ളിപ്പുലികളേക്കാൾ വേഗതയും വൈകുന്നേരത്തെ ചെന്നായ്ക്കളേക്കാൾ ഉഗ്രതയുമുള്ളവ; അവരുടെ കുതിരച്ചേവകർ ഗർവ്വിച്ചോടിക്കുന്നു; അവരുടെ കുതിരച്ചേവകർ ദൂരത്തുനിന്നു വരുന്നു; തിന്നുവാൻ ബദ്ധപ്പെടുന്ന കഴുകനെപ്പോലെ അവർ പറന്നുവരുന്നു.*

കൽദയരുടെ സൈന്യത്തിന്റെ കരുത്ത് ഇവിടെ വീണ്ടും വെളിപ്പെടുത്തുകയാണ്. അവരെ ഉപമിക്കാൻ ഉപയോഗിച്ചിരിക്കുന്നത് പുള്ളിപ്പുലികൾ, ചെന്നായ്ക്കൾ, കഴുകന്മാർ എന്നിവയാണ്. നമ്മുടെ ജീവിതം സ്വസ്ഥമായി നീങ്ങുമ്പോൾ നാം അനുഭവിക്കുന്ന ദൈവകരുണയുടെ മാഹാത്മ്യം നാം പലപ്പോഴും ഓർക്കാറില്ല. പുള്ളിപ്പുലികളും ചെന്നായ്ക്കളും കഴുകന്മാരും എന്നും ഇവിടെയുണ്ട്. അവരുടെ ഇടയിലാണ് ദൈവം നമ്മെ കാത്തുപോരുന്നത്.

അനേകർ യിസ്രായേൽമക്കളുടെ നേരെ ഇതുപോലെ വന്നിട്ടുണ്ട്. പക്ഷേ തോറ്റുപോയി. കാരണം ദൈവം അവരുടെ കൂടെയുണ്ടായിരുന്നു. മിസ്രയീമ്യരും, മോവാബ്യരും, ഫെലിസ്ത്യരും, സീഹോനും, ഓഗും എല്ലാം യിസ്രായേൽമക്കളുടെ മുമ്പിൽ തോറ്റുപോയവരാണ്. ദൈവം കൂടെയുള്ളവർ ചെങ്കടലിന്റെ മറുകര കടന്നു. ദൈവം കൂടെയില്ലാത്തവർ ചെങ്കടലിൽ മുങ്ങിച്ചത്തു.

ദൈവം കൂടെയുണ്ടെങ്കിൽ നമുക്ക് വലിയ വിജയങ്ങൾ നേടാനാകും. ഇല്ലെങ്കിൽ തോറ്റുപോകും. വിജയങ്ങൾ മനുഷ്യന്റെ മുമ്പാകെ ആകണമെന്നു നിർബന്ധമില്ല. ധനവാൻ-ലാസർ എപ്പിസോഡിൽ ലോകപ്രകാരം വിജയി ധനവാനായിരുന്നു. എന്നാൽ തോറ്റവൻ എന്നു ലോകം വിധിയെഴുതിയ ലാസറായിരുന്നു യഥാർത്ഥ വിജയി! കാരണം അവൻ അവന്റെ ഇല്ലായ്മകളുടെ മധ്യത്തിലും ഭക്തനായിരുന്നു.

രണ്ടു കാശ് ഭണ്ഡാരത്തിൽ ഇട്ട വിധവയെ നാം ഏതു കോണിലൂടെ നോക്കിയാലും അവൾ ജീവിതത്തിൽ തോറ്റുപോയവളാണ്; പക്ഷേ അവളായിരുന്നു ആ കൂട്ടത്തിലെ യഥാർത്ഥ വിജയി!

ലോകം വിജയികളായി കാണുന്ന പലരും യഥാർത്ഥത്തിൽ ദൈവമുമ്പാകെ തോറ്റവരാണ്. നല്ല റോഡിലൂടെ വണ്ടി ഓടിക്കുന്നവർക്ക് വേഗത്തിലും അനായാസവും മുന്നോട്ടു നീങ്ങാൻ കഴിയും. കുണ്ടും കുഴിയും നിറഞ്ഞ റോഡിലൂടെ വാഹനം ഓടിക്കുന്നവർക്ക് പ്രയാസത്തോടെ മാത്രമേ മുന്നോട്ടു നീങ്ങാനാവുകയുള്ളൂ. കുണ്ടും കുഴിയും നിറഞ്ഞ റോഡിലൂടെ വണ്ടി ഓടിക്കുന്നവർ, നല്ല റോഡിലൂടെ വണ്ടി ഓടിക്കുന്നവരെ ഭാഗ്യവാന്മാർ എന്നു വിധി എഴുതും. പക്ഷേ മോശം പാതയിലൂടെ വാഹനം ഓടിക്കുന്നവരാണ് യഥാർത്ഥ മിടുക്കർ. മോശമായ റോഡ് കണ്ട് പിൻവാങ്ങാതെ, കഷ്ടത സഹിച്ചായാലും മുന്നോട്ടു നീങ്ങുവാനുള്ള തന്റേടം ഉള്ളവരാണ് അവർ.

യിസ്രായേൽമക്കൾ ഇതാ തോൽക്കാൻ പോകുന്നു. വരുന്നത് കൽദയരാണ്. ദൈവത്തിന്റെ കരുണ നമ്മിൽനിന്നും പിൻവലിക്കപ്പെട്ടാൽ നമ്മുടെ നേരെ ചാടിവരാൻ പലരും തയ്യാറാവുന്നു.

### ഹബക്കൂക് 1:9

*അവർ ഏവരും സംഹാരത്തിനായി വരുന്നു; അവരുടെ മുഖം മുമ്പോട്ട് ബദ്ധപ്പെടുന്നു; അവർ മണൽപോലെ ബദ്ധന്മാരെ പിടിച്ചുചേർക്കുന്നു.*

കൽദയർ വരുന്നത് ചർച്ചയ്ക്കല്ല, സംഹാരത്തിനാണ്. അവരുടെ മുഖം മുമ്പോട്ടാണ്. പിന്മാറുന്നതിനെക്കുറിച്ച് അവർക്കു ചിന്തയില്ല. കുറച്ചുപേരെ അടിമകളാക്കാനല്ല അവരുടെ വരവ്. യിസ്രായേൽജനത്തെ മണൽപോലെ പിടിച്ചുചേർക്കാനാണ് വരുന്നത്. ഇതുപോലെയായിരുന്നു ഒരിക്കൽ ഫെലിസ്ത്യർ വന്നത്. അന്ന് അവരുടെ മല്ലനായ ഗോലിയാത്തിനെ ദാവീദ് കൊന്നു. ഫെലിസ്ത്യർ ചിതറിയോടി. ഇന്ന് കൽദയർ വരുന്നത് ദൈവത്താൽ കൈവിടപ്പെട്ട യിസ്രായേൽജനത്തിന്റെ നേരെയായതുകൊണ്ട് ഏതെങ്കിലും രീതിയിലുള്ള ഒരു വിടുതൽ അവർക്ക് പ്രതീക്ഷിക്കാൻ വകയില്ല.

ഇത്രകാലം ഈ കൽദയർ എവിടെയായിരുന്നു? ഇത്രകാലം അവർ എന്തുകൊണ്ട് യിസ്രായേൽമക്കളുടെ നേരെ വന്നില്ല? മറുപടി ലളിതമാണ്. ഇത്രനാളും ദൈവം തന്റെ ജനത്തിന്റെ കൂടെയുണ്ടായിരുന്നു. ദൈവത്തിന്റെ സംരക്ഷണം അനുഭവിക്കുന്നവനെ തൊടാൻ ആരും വരില്ല. വരാൻ ദൈവം സമ്മതിക്കില്ല. ദൈവം എപ്പോഴും നമ്മുടെ കൂടെ ഉണ്ടാവട്ടെ. എങ്കിൽ ആരും നമ്മെ തോൽപ്പിക്കാനായി വരികയില്ല. പ്രതികൂലങ്ങളുടെ മദ്ധ്യേ നമുക്ക് പതറാതെ മുന്നോട്ടു നീങ്ങാം. ദൈവം നമ്മുടെ കൂടെയുണ്ടല്ലോ.

**ഹബക്കൂക് 1:10**

*അവർ രാജാക്കന്മാരെ പരിഹസിക്കുന്നു; പ്രഭുക്കന്മാർ അവർക്ക് ഹാസ്യമായിരിക്കുന്നു; അവർ ഏതു കോട്ടയേയും കുറിച്ച് ചിരിക്കുന്നു; അവർ മണ്ണ് കുന്നിച്ച് അതിനെ പിടിക്കും.*

ആരെയും പേടിയില്ലാത്തവരാണ് കൽദയർ. രാജാക്കന്മാരെയോ പ്രഭുക്കന്മാരെയോ അവർ പേടിക്കുന്നില്ല. ഏതു കോട്ടയും അവരുടെ മുമ്പിൽ നിസ്സാരമാണ്. രാജാക്കന്മാരെയും പ്രഭുക്കന്മാരെയും കോട്ടകളെയും പരിഹാസത്തോടെ മാത്രം നോക്കുന്ന ജനത! അത്രമാത്രം അവർ കരുത്തരാണ്.

ഒരു കോട്ടയെ മണ്ണ് കുന്നിച്ച് പിടിക്കാനുള്ള കരുത്ത് അവർക്കുണ്ട്. ഒരു പട്ടണം പിടിക്കാൻ ചെല്ലുമ്പോൾ കോട്ടയും അതിനു മുകളിൽ താമസിക്കുന്ന ആളുകളും വലിയൊരു പ്രശ്നം തന്നെയാണ്. കോട്ടയുടെ അടുത്ത് ചെല്ലാൻ സാധിക്കയില്ല. കോട്ടയുടെ മുകളിൽ നിന്നും ആളുകൾ ആക്രമിക്കും. പക്ഷേ കരുത്തരായ കൽദയർ ചെയ്യുന്നത് എന്താണെന്നു നോക്കുക! അവർ ആ കോട്ടയുടെ സമീപം മണ്ണ് കുന്നിച്ച്കൊണ്ട് മറ്റൊരു കോട്ടയുണ്ടാക്കും! എന്നിട്ട് അതിനു മുകളിൽ കയറിനിന്നുകൊണ്ട് അവരെ ആക്രമിക്കും.

ഹബക്കൂകിന്റെ ഈ പ്രവചനം കേട്ടപ്പോൾ ചിലർ പരിഹസിച്ചു ചിരിച്ചിട്ടുണ്ടാകാം. കോട്ടയുടെ സമീപം മണ്ണ് കൂമ്പാരമായി കൂട്ടി മറ്റൊരു കോട്ട നിർമ്മിക്കുന്നത് എളുപ്പമുള്ള കാര്യമല്ല. ധാരാളം ആളുകൾ മാസങ്ങളോളം കഠിനാദ്ധ്വാനം ചെയ്താൽ മാത്രം സംഭവിക്കുന്ന കാര്യമാണത്. പക്ഷേ ഹബക്കൂക് പ്രവചിച്ചതുപോലെതന്നെ സംഭവിച്ചു. കൽദയർ മണ്ണ് കുന്നിച്ച് കോട്ട പിടിക്കുക തന്നെ ചെയ്തു.

"...നെബൂഖദ്നേസർ തന്റെ സർവസൈന്യവുമായി യെരൂശലേമിന് നേരെ വന്ന് പാളയമടിക്കുകയും ചുറ്റും മൺകൂന ഉയർത്തി ഉപരോധിക്കുകയും ചെയ്തു" (2 രാജാക്കന്മാർ 25:1 *സത്യവേദപുസ്തകം ആധുനിക വിവർത്തനം*)

ഇക്കാര്യം യിരെമ്യാവ് 52:4 ലും രേഖപ്പെടുത്തിയിട്ടുണ്ട്. ഹബക്കൂക് പ്രവചിച്ചതുപോലെ കല്ദയർ വന്നു; മൊത്തം നശിപ്പിക്കുകയും ചെയ്തു. "അവൻ അവരുടെ യൗവനക്കാരെ... വാൾകൊണ്ടു കൊന്നു; ... അവർ ദൈവാലയം ചുട്ടു, യെരൂശലേമിന്റെ മതിൽ ഇടിച്ചു, അതിലെ അരമനകളെല്ലാം തീക്ക് ഇരയാക്കി. അതിലെ മനോഹര സാധനങ്ങളൊക്കെയും നശിപ്പിച്ചുകളഞ്ഞു" (2 ദിനവൃത്താന്തം 36:15-20)

**(തുടരും)**

# കൊച്ചുണ്ണിയുടെ ബൈബിൾവായന

എംവിഎസ്

21

## ലോത്ത് വൃത്തികെട്ടവൻ!

ബ്രദർ കൊച്ചുണ്ണി ഇന്നും കട്ട കലിപ്പിൽ തന്നെ. ഇട്ടിയപ്പച്ചന്റെയും മൂപ്പന്റെയും അടുത്തേക്കുള്ള കൊച്ചുണ്ണിസഹോദരന്റെ ആ വരവ് കാണുമ്പോൾ തന്നെ അത് അറിയാം.

കൊച്ചുണ്ണിയുടെ പ്രശ്നം ഇതാണ്. ബൈബിൾ കൃത്യമായി എല്ലാ ദിവസവും വായിക്കും. പക്ഷേ അതിലെ പല കാര്യങ്ങളും പുള്ളിക്ക് ദഹിക്കില്ല. തന്റെ അനിഷ്ടം മറച്ചുവയ്ക്കാനും പാവത്തിന് അറിയില്ല.

“കൊച്ചുണ്ണീടെ വരവ് കണ്ടാൽ ഞങ്ങളെ പിടിച്ച് തല്ലും എന്നപോലുണ്ടല്ലോ. എന്തു പറ്റി?” ഇട്ടിയപ്പച്ചൻ ചിരിച്ചുകൊണ്ട് ചോദിച്ചു.

“തല്ലും... തല്ലും... നിങ്ങളെയല്ല, ആ ലോത്തിനെ... എന്തൊരു വൃത്തികെട്ടവനാണ് അയാൾ” കൊച്ചുണ്ണി കോപം കൊണ്ട് പല്ലു ഞെരിച്ചു.

“ഇതിനു മാത്രം എന്തു ദോഷമാണ് ബൈബിളിലെ ലോത്ത് നിന്നോട് ചെയ്തത് കൊച്ചുണ്ണ്യേ?” ഇട്ടിയപ്പച്ചന്റെ ചോദ്യം.

“എന്നോടല്ല അയാൾ ദോഷം ചെയ്തത്... അയാളുടെ സ്വന്തം പെൺമക്കളോടാണ്. വീട്ടിൽ വന്ന രണ്ടു പുരുഷന്മാരെ തേടി വന്ന ദുഷ്ടരായ നാട്ടുകാരോട് ലോത്ത് പറഞ്ഞത് എന്താ? ഇട്ടിയപ്പച്ചൻ പറയ്”

അപ്രതീക്ഷിതമായി പന്ത് തന്റെ കോർട്ടിലേക്ക് വന്നത് കണ്ട് ഇട്ടിയപ്പച്ചൻ ഒന്നു പരുങ്ങി. സഹായത്തിനായി മൂപ്പനെ നോക്കുകയും ചെയ്തു. അത് കണ്ട കൊച്ചുണ്ണി തുടർന്നു:

“ലോത്ത് പറഞ്ഞത് ഉല്പത്തി 19:8 ൽ കാണാം. അതിപ്രകാരമാണ്: പുരുഷൻ തൊടാത്ത രണ്ട് പുത്രിമാർ എനിക്കുണ്ട്. അവരെ ഞാൻ നിങ്ങളുടെ അടുക്കൽ പുറത്തുകൊണ്ടുവരാം. നിങ്ങൾക്ക് ബോധിച്ചതുപോലെ അവരോട് ചെയ്തുകൊൾവിൻ. ഈ പുരുഷന്മാരോടു മാത്രം ഒന്നും ചെയ്യരുതേ.”

ഇത്രയും പറഞ്ഞിട്ട് കൊച്ചുണ്ണി മൂപ്പനെ നോക്കി. “മൂപ്പൻ പറ. വൃത്തികെട്ടവനല്ലേ ഈ ലോത്ത്? സ്വന്തം പെൺമക്കളെ ദുഷ്ടന്മാരായ ആളുകളുടെ മുമ്പിലേക്ക് ഇട്ടുകൊടുക്കാൻ തയ്യാറായ വൃത്തികെട്ടവൻ.”

ഇട്ടിയപ്പച്ചൻ മൂപ്പനെ ആകാംക്ഷയോടെ നോക്കി.

“ഇത്തവണ കൊച്ചുണ്ണിയുടെ ആർഗുമെന്റിൽ കഴമ്പുണ്ടല്ലേ മൂപ്പാ” ഇട്ടിയപ്പച്ചൻ പതിയെ ചോദിച്ചു.

കൊച്ചുണ്ണിബ്രദർ അത് കേട്ടു. അല്പം നിഗളത്തോടെ നിവർന്നു നിൽക്കുകയും ചെയ്തു.

മൂപ്പൻ തൊണ്ട ശരിയാക്കിയതിനുശേഷം പറഞ്ഞുതുടങ്ങി:

"ലോത്ത് സ്വന്തം പെൺമക്കളെ എടുത്തുകൊള്ളുവാൻ പറഞ്ഞത് നേരു തന്നെ. പക്ഷേ അത് കേട്ടിട്ട് അവരാരും എന്നാൽ അവരെ ഇങ്ങോട്ട് പുറത്തേക്ക് വിട് എന്നു പറഞ്ഞില്ല."

"മക്കളെ തരാം എന്നു പറഞ്ഞ ലോത്ത് മക്കളെ അവരുടെ മുന്നിലേക്ക് ഇട്ടുകൊടുത്തുമില്ല."

"ഇതിൽനിന്നും നാം എന്തു മനസ്സിലാക്കണം? മക്കളെ അവർക്കു കൊടുക്കാം എന്നു ലോത്ത് പറഞ്ഞപ്പോൾ ലോത്ത് ഉദ്ദേശിച്ചത്, അത്രയും പോലും വീട്ടിൽ വന്ന അതിഥികളെ ഉപദ്രവിക്കരുത് എന്നാണ്. കേട്ടവർക്കും അത് മനസ്സിലായതുകൊണ്ടാണ് മക്കളെ അവർ ആവശ്യപ്പെടാഞ്ഞത്."

"ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം. ഒരിക്കൽ ഞാൻ സുവിശേഷപ്രവർത്തനത്തിന്റെ ഭാഗമായി ഭവനസന്ദർശനം നടത്തിയപ്പോൾ വിൽപനയ്ക്കുവേണ്ടി കുറച്ചു ചെറുപുസ്തകങ്ങളും കൊണ്ടുപോയിരുന്നു."

"ഒരു അമ്മച്ചിയോട് ഈ പുസ്തകങ്ങൾ വാങ്ങുന്ന കാര്യം പറഞ്ഞപ്പോൾ, അവരുടെ പ്രതികരണം ഇങ്ങനെയായിരുന്നു: ദേ ഇവിടെ ഇഷ്ടം പോലെ പുസ്തകങ്ങളുണ്ട്. വേണമെങ്കിൽ ആ പുസ്തകങ്ങളെല്ലാം ഞാൻ നിങ്ങൾക്കു തരാം."

"ഇങ്ങനെ അവർ പറഞ്ഞപ്പോൾ, എന്നാൽ അവയെല്ലാം എനിക്കു തരൂ എന്ന് ഞാൻ പറഞ്ഞില്ല. അവർ ആ പുസ്തകങ്ങൾ എനിക്ക് തന്നുമില്ല."

"പുസ്തകങ്ങൾ എനിക്ക് തരാം എന്നു പറഞ്ഞപ്പോൾ അവർ വാസ്തവത്തിൽ ഉദ്ദേശിച്ചത്, എന്നാൽ പോലും നിങ്ങളുടെ പുസ്തകങ്ങൾ വേണ്ട എന്നാണ്. ഇതുപോലെത്തന്നെയാണ് ലോത്തും പറഞ്ഞത്. എന്റെ വീട്ടിൽ വന്ന അതിഥികൾ എനിക്ക് പ്രിയപ്പെട്ടവരാണ്. അവരോട് യാതൊരു ദോഷവും ചെയ്യരുത്. എന്റെ മക്കളെ വേണമെങ്കിൽ പകരം തരാനും ഞാൻ സന്നദ്ധനാണ്."

"കേട്ടവർക്കും കാര്യം മനസ്സിലായി. അതുകൊണ്ടാണ് അവർ ലോത്തിനോട് ദേഷ്യപ്പെട്ടത്." ഇത്രയും പറഞ്ഞതിനുശേഷം മൂപ്പൻ അല്പം സംശയത്തോടെ ചോദിച്ചു: "കൊച്ചുണ്ണിബ്രദറിനു കാര്യം മനസ്സിലായോ?"

"ഉവ്വ്. കാര്യം വ്യക്തമായി." കൊച്ചുണ്ണിബ്രദറിന്റെ ഈ മറുപടി കേട്ട് മൂപ്പൻ ചെറുതായൊന്ന് അമ്പരന്നു. സാധാരണയായി മൂപ്പന്റെ വിശദീകരണത്തിൽ കൊച്ചുണ്ണി സംതൃപ്തനാകാതെ, ദേഷ്യപ്പെട്ട്, അവിടെനിന്നു പോവുകയാണ് ചെയ്യാറുള്ളത്.

പെട്ടെന്നാണ് ഇട്ടിയപ്പച്ചൻ പൊട്ടിത്തെറിച്ചത്. "ഞാൻ നാല് പെൺകുട്ടികളുടെ തന്തയാണ്. മൂപ്പന്റെ വിശദീകരണം എനിക്കു തൃപ്തിയായില്ല." ഇത്തവണ മൂപ്പനോടൊപ്പം കൊച്ചുണ്ണിബ്രദറും ഞെട്ടി. ❍

# 30 ചോദ്യവും ഉത്തരവും

**-എംവിഎസ്-**

? *മുഹമ്മദ്നബിയുടെ ഏറ്റവും പ്രിയപ്പെട്ട ഭാര്യയായ ആയിഷാബീവിയെക്കുറിച്ച് വിശദീകരിക്കാമോ?*

**മറുപടി:**

മുഹമ്മദ്നബിയുടെ ഏറ്റവും പ്രിയപ്പെട്ട ഭാര്യ ആയിഷയാണെന്നും, അല്ല അത് കദീജയാണെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. കദീജയാണ് നബിയുടെ ആദ്യഭാര്യ. ധനികയും വിധവയും 40 വയസ്സ് പ്രായവുമുള്ള കദീജയെ വിവാഹം ചെയ്യുമ്പോൾ നബിക്ക് 25 വയസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. നബിയുടെ ജീവിതത്തിൽ കദീജയുടെ സ്വാധീനം ഏറെയുണ്ടായിരുന്നു. കദീജയുടെ മരണം വരെ മുഹമ്മദ്നബി വേറെ വിവാഹങ്ങൾ കഴിച്ചിട്ടില്ലായിരുന്നു.

കദീജയുടെ മരണശേഷം അദ്ദേഹം വിവാഹം ചെയ്തവരിൽ ഏറ്റവും പ്രായം കുറഞ്ഞ വധു ആയിഷ ആയിരുന്നു. ആറ് വയസ്സുള്ള ബാലികയായിരുന്നു അന്ന് ആയിഷ; മുഹമ്മദ്നബിയാകട്ടെ അമ്പത്തിമൂന്ന് വയസ്സ് പ്രായമുള്ള വ്യക്തിയും. മുഹമ്മദ്നബി ആയിഷയെ വിവാഹം ചെയ്തതിന്റെ പേരിൽ ഇസ്ലാംവിരോധികൾ കൊടിയ വിമർശനങ്ങളാണ് അദ്ദേഹത്തിന്റെ നേരെ അഴിച്ചുവിട്ടിട്ടുള്ളത്. അവർ ഭാര്യാഭർത്താക്കന്മാർ ആയി തന്നെയാണ് ജീവിച്ചതെങ്കിലും, മുഹമ്മദ്നബിക്ക് ആയിഷയോട് വലിയ വാത്സല്യമായിരുന്നു.

മുഹമ്മദ്നബിയുടെ ഉറ്റ സുഹൃത്തായിരുന്ന അബൂബക്കറിന്റെ മകളായിരുന്നു ആയിഷ. ഹദീസുകളിൽ ആയിഷയെക്കുറിച്ച് പറയുന്നുണ്ട്. അവയിലൊന്നിൽ ആയിഷ പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നത് നോക്കൂ:

> എനിക്ക് ആറ് വയസ്സുള്ളപ്പോൾ പ്രവാചകൻ എന്നെ വിവാഹനിശ്ചയം ചെയ്തു.... പിന്നീട് എനിക്ക് അസുഖം പിടിപ്പെടുകയും എന്റെ മുടിയെല്ലാം കൊഴിഞ്ഞുപോവുകയും ചെയ്തു. പിന്നീട് എന്റെ മുടിയെല്ലാം വളർന്നു. ഒരു ദിവസം ഞാൻ എന്റെ കൂട്ടുകാരികളുമായി ഊഞ്ഞാലിൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ എന്റെ അമ്മ എന്നെ വന്നു വിളിച്ചു. എന്തിനാണെന്നറിയാതെ ഞാൻ അമ്മയോടൊപ്പം ചെന്നു. അമ്മ എന്നെ കയ്യിൽ പിടിച്ച് കൊണ്ടുപോയി വീടിന്റെ വാതിൽക്കൽ നിറുത്തി.

> എനിക്ക് അന്നേരം ശ്വാസമില്ലാതായി. പിന്നീട് എന്റെ ശ്വാസം നേരെയായപ്പോൾ എന്റെ അമ്മ കുറച്ച് വെള്ളമെടുത്ത് എന്റെ മുഖവും തലയും കഴുകി. എന്നെ വീടിന്റെ അകത്തേക്ക് കൊണ്ടുപോയി. അവിടെ ചില അൻസാരിസ്ത്രീകൾ ഉണ്ടായിരുന്നു. അള്ളാഹുവിന്റെ അനുഗ്രഹങ്ങളും സൗഭാഗ്യങ്ങളും ഉണ്ടാകട്ടെ എന്നു അവർ ആശംസിച്ചു. അമ്മ എന്നെ അവരെ ഏൽപ്പിച്ചു. അവരെന്നെ വിവാഹത്തിന് ഒരുക്കി.
>
> അപ്രതീക്ഷിതമായി അള്ളാഹുവിന്റെ അപ്പൊസ്തലൻ ഉച്ചയ്ക്ക് മുമ്പ് എന്റെ അടുത്തേക്ക് വന്നു. എന്റെ അമ്മ എന്നെ അദ്ദേഹത്തിന് ഏൽപിച്ചുകൊടുത്തു. ആ സമയത്ത് ഞാൻ ഒമ്പത് വയസ്സുള്ള ഒരു പെൺകുട്ടിയായിരുന്നു.
>
> *(Ref : Sahih al-Bukhari 3894, Book 63, Hadith 119)*

6 വയസ്സിൽ മുഹമ്മദ്നബിയുമായുള്ള വിവാഹനിശ്ചയം കഴിഞ്ഞുവെങ്കിലും ആയിഷയ്ക്ക് അസുഖം ബാധിച്ചതുകൊണ്ട് അവർ തമ്മിലുള്ള ഭാര്യാഭർത്തൃബന്ധം മൂന്നു വർഷം കഴിഞ്ഞ് മാത്രമേ ഉണ്ടായുള്ളൂ എന്നാണ് നാം ഈ ഹദീസിൽനിന്നും മനസ്സിലാക്കുന്നത്.

മറ്റൊരു ഹദീസ് നോക്കുക:

> ആയിഷ പറഞ്ഞിരിക്കുന്നത് അള്ളാഹുവിന്റെ അപ്പൊസ്തലൻ അവളെ വിവാഹം ചെയ്തത് അവൾക്ക് ഏഴ് വയസ്സുള്ളപ്പോൾ ആണെന്നാണ്. അദ്ദേഹത്തിന്റെ വീട്ടിലേക്ക് വധുവായി കൊണ്ടുപോയത് അവൾക്ക് ഒമ്പത് വയസ്സുള്ളപ്പോഴാണ്. അവൾ അന്നേരം അവളുടെ പാവകളെയും കൈപിടിച്ചിരുന്നു. വിശുദ്ധ പ്രവാചകൻ മരിക്കുമ്പോൾ അവൾക്ക് പതിനെട്ട് വയസ്സായിരുന്നു. *(Ref: Sahih Muslim 1422c, Book 16, Hadith 83)*

വിവാഹനിശ്ചയം കഴിയുമ്പോൾ ആയിഷായുടെ പ്രായം ആറോ ഏഴോ എന്ന കാര്യത്തിൽ ഈ രണ്ടു ഹദീസുകളും വ്യത്യസ്തത പുലർത്തുന്നുണ്ടെങ്കിലും ഭാര്യയായി വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയത് ഒമ്പതാംവയസ്സിലാണെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല.

മുഹമ്മദ്നബിക്ക് ആയിഷയോട് വലിയ സ്നേഹവും വാത്സല്യവും ആയിരുന്നതുകൊണ്ട് ആയിഷയാണ് മുഹമ്മദിന്റെ ഏറ്റവും പ്രിയപ്പെട്ട ഭാര്യ എന്നും, അല്ല അത് കദീജയാണെന്നും, അതുമല്ല എല്ലാ ഭാര്യമാരും മുത്ത്റസൂലിന് ഒരുപോലെ പ്രിയപ്പെട്ടവരായിരുന്നുവെന്നും അഭിപ്രായപ്പെടുന്നവരുണ്ട്.

മുഹമ്മദ്നബിയുടെ മരണശേഷം അയിഷ 45 വർഷം കൂടി ജീവിച്ചു. തന്റെ 63–ാമത്തെ വയസ്സിലാണ് മരിക്കുന്നത്. അതുവരെയും ഇസ്ലാമിന്റെ തത്ത്വങ്ങൾ അവർ മുറുകെ പിടിച്ചു. നിരവധി ഹദീസുകളിൽ അയിഷ പറഞ്ഞ കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ പലതിലും മുഹമ്മ ദ്നബിയോടൊത്തുള്ള അയിഷയുടെ സ്വകാര്യനിമിഷങ്ങൾ വെളിപ്പെടു ത്തിയിട്ടുണ്ട്. 9 വയസ്സുമുതൽ 18 വയസ്സുവരെ അയിഷ മുഹമ്മദ്നബി യുടെ ഭാര്യയായി ജീവിച്ചതിന്റെ മധുരിക്കുന്ന ഓർമ്മകൾ, ലജ്ജ കൂടാതെ അയിഷാബീവി വെളിപ്പെടുത്തിയിട്ടുള്ളതിൽനിന്നും അവരുടെ വിവാഹ ജീവിതത്തിന്റെ ഊഷ്മളത എത്രത്തോളമെന്നു മനസ്സിലാക്കാം.

53 വയസ്സുകാരൻ 9 വയസ്സുകാരിയോടു കാണിച്ചത് ക്രൂരതയായിരുന്നു എന്നു വിമർശിക്കുന്നവരെ നിശബ്ദരാക്കുന്നതാണ് ഈ ഹദീസുകൾ. മുഹ മ്മദ്നബിയോടൊത്തുള്ള ദാമ്പത്യജീവിതം കുഞ്ഞ് അയിഷ ആസ്വദിക്കു കയായിരുന്നു എന്നു ഈ ഹദീസുകൾ തെളിയിക്കുന്നുണ്ട് എന്ന് മുസ്ലീം പണ്ഡിതന്മാർ ചിന്തിക്കുന്നു. വിശുദ്ധ ഖുറാന്റെ വചനങ്ങൾ ഓർമ്മയിൽ സൂക്ഷിക്കുന്നതിൽ അയിഷായുടെ കഴിവ് അപാരമായിരുന്നുവത്രേ. അങ്ങനെ മുസ്ലീംലോകം വളരെ ആദരവോടെ കാണുന്ന വ്യക്തിയാണ് അയി ഷാബീവി.

അയിഷാ പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുള്ള ചില ഹദീസുകൾ ഇതാ:

> എത്യോപ്യയിൽ മരിയ എന്ന പേരിൽ ഒരു പള്ളി കണ്ട കാര്യം ഉം സലമ അല്ലാഹുവിന്റെ അപ്പൊസ്തലനോടു പറഞ്ഞു. അതിൽ കണ്ട ചിത്രങ്ങളെക്കുറിച്ചും പറഞ്ഞു. അപ്പൊസ്ത ലൻ പറഞ്ഞു: അവരുടെ ഇടയിൽ ഏതെങ്കിലും നല്ല വ്യക്തി കൾ മരിച്ചാൽ അവർ അവന്റെ ഖബറിൽ ആരാധനാലയം പണി യുകയും അതിൽ ചിത്രങ്ങൾ ഉണ്ടാക്കുകയും ചെയ്യും. അവർ അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും മോശപ്പെട്ട സൃഷ്ടികളാണ്
>
> *(Ref: Sahih al-Bukhari 434, Book 8, Hadith 84)*

> രാത്രി നമസ്കാരത്തിൽ ഇരുന്നുകൊണ്ട് പ്രവാചകൻ ഖുർ ആൻ പാരായണം ചെയ്യുന്നത് ഞാൻ കണ്ടിട്ടില്ല, അദ്ദേഹത്തിന് വയസ്സായപ്പോഴല്ലാതെ. ഇരുന്നുകൊണ്ട് പാരായണം ചെയ്യു മ്പോഴും സൂറത്തിൽനിന്ന് മുപ്പതോ നാൽപ്പതോ ആയത്തുകൾ അവശേഷിക്കുമ്പോൾ അദ്ദേഹം എഴുന്നേറ്റ് അവ ഓതുകയും തുടർന്ന് കുമ്പിടുകയും ചെയ്യുമായിരുന്നു.
>
> *(Ref: Sahih al-Bukhari Book 21, Hadith249)*

# സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ 62

**-എംവിഎസ്-**

## ലഹരി നുരഞ്ഞുപൊന്തുന്നു!

**(ദൈവത്തിന്റെ സ്വന്തം നാട്ടിൽ!)**

ലഹരിവസ്തുക്കളുടെ ഉപയോഗം കൗമാരക്കാരുടെ ഇടയിലേക്ക്, പ്രത്യേകിച്ച് പെൺകുട്ടികളുടെ ഇടയിലേക്ക് വലിയ തോതിൽ വ്യാപിച്ചിരിക്കുന്നു എന്ന വാർത്ത നമ്മുടെ മനസ്സിലുളവാക്കുന്നത് അമ്പരപ്പല്ല, ഭയമാണ്. നമ്മുടെ നാടിന്റെ ഭാവി എന്താകും? ലഹരിമാഫിയകളുടെ കയ്യിൽ അകപ്പെട്ടുപോയ നമ്മുടെ നാട്ടിലെ കുഞ്ഞുങ്ങളും യുവാക്കളും നമ്മുടെ സമൂഹത്തിനു തന്നെ ഒരു പേടിസ്വപ്നമായി മാറിയിരിക്കുന്നു. കൊലപാതകങ്ങളും കൊള്ളകളും ലൈംഗികപീഡനങ്ങളും ലഹരിയുടെ ഉപോത്പന്നങ്ങളായി മാറിയിരിക്കുന്നത് നമ്മുടെ ആധി വീണ്ടും വർദ്ധിപ്പിക്കുന്നു.

സർക്കാരും പോലീസും കഠിനാദ്ധ്വാനം ചെയ്താൽ മാത്രമേ ഈ അവസ്ഥയ്ക്ക് അറുതി വരികയുള്ളൂ. സ്കൂളുകളിലും കോളേജുകളിലും വ്യാപകമായ നിലയിൽ ബോധവത്കരണം നടത്തുകയും, ലഹരിയുടെ ഉപയോഗമുള്ളവരെ കണ്ടെത്തുന്നതിന് സ്ക്വാഡുകൾ രൂപീകരിക്കുകയും വേണം. ബന്ധങ്ങളുടെ ഊഷ്മളതയും പവിത്രതയും കളങ്കപ്പെടുത്തുന്ന നിലയിൽ വ്യക്തികളെ ഉന്മാദാവസ്ഥയിൽ എത്തിക്കുന്ന ലഹരിവസ്തുക്കളുടെ വൻതോതിലുള്ള വ്യാപനം തടയുന്നതിന് സമൂഹത്തെ സ്നേഹിക്കുന്ന എല്ലാവരും കൈ കോർത്തുപിടിച്ച് കൂട്ടായ്മയോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

സ്വന്തം മക്കളെ അന്ധമായി വിശ്വസിക്കുകയും ന്യായീകരിക്കുകയും ചെയ്യുന്ന മാതാപിതാക്കളും, വിദ്യാർത്ഥികളുടെ ലഹരി ഉപയോഗത്തെ കണ്ടില്ലെന്ന് നടിക്കുന്ന അദ്ധ്യാപകരും തങ്ങളുടെ മനോഭാവം മാറ്റേണ്ടിയിരിക്കുന്നു.

2022 ആഗസ്റ്റ് 25 ലെ പത്രവാർത്ത ശ്രദ്ധിക്കുക:

> **ലഹരിമരുന്ന് കടത്ത്: മുഖ്യപ്രതി ബെംഗളൂരുവിൽ പിടിയിൽ**
>
> ബെംഗളൂരുവിൽനിന്ന് കേരളത്തിലേക്ക് ലഹരിമരുന്ന് കടത്തുന്ന സംഘത്തിലെ പ്രധാനിയായ നൈജീരിയൻ പൗരനെ അറസ്റ്റ് ചെയ്തു. ബെംഗളൂരു കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന

> ലഹരിമാഫിയായുടെ പ്രധാന കണ്ണിയാണ് ഇയാളെന്ന് പോലീസ് പറഞ്ഞു. ഇവരാണ് സംസ്ഥാനത്തേക്ക് ഏറ്റവും കൂടുതൽ ലഹരി കടത്തുന്നത്. ലഹരിമരുന്നു നിർമ്മാണവുമായി ബന്ധപ്പെട്ട് വൻസംഘം കർണ്ണാടകയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് പോലീസ് പറഞ്ഞു.

ലഹരിമരുന്നുവേട്ടയിൽ പിടിക്കപ്പെട്ട ആളുകളുടെ പേരുകൾ ഒന്നു ശ്രദ്ധിക്കുന്നത് കൊള്ളാം. എസെ ഇമ്മാനുവൽ, ഇമ്മാനുവേല ഒഡിഗയ, അലൻ ജോസഫ്, നിജു പീറ്റർ... കണ്ടില്ലേ? പത്രൊസും, യോസേഫും, ഇമ്മാനുവേലും ഒക്കെയുണ്ട്! പേരുകൾ ബൈബിളിലെ കഥാപാത്രങ്ങളുടെ; പ്രവൃത്തിയോ ലഹരിമരുന്നുവില്പനയും! നല്ല പൊരുത്തം! മക്കൾക്ക് ബൈബിളിലെ പേരുകൾ ഇട്ടുകൊടുക്കുന്ന മാതാപിതാക്കൾ അവരെ ഭക്തിയിൽ ജീവിക്കുവാൻ ഉത്സാഹിപ്പിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും വേണം. ഇല്ലെങ്കിൽ, ഇതുപോലെ പേരും പ്രവൃത്തിയും തമ്മിൽ യോജിക്കാതെ വരും.

അക്ഷരാഭ്യാസത്തിന്റെ കാര്യത്തിലും സംസ്കാരസമ്പന്നതയുടെ കാര്യത്തിലും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. മതതീവ്രവാദം, ലഹരിമരുന്നു വില്പന, അന്ധവിശ്വാസങ്ങൾ എന്നിവയെല്ലാം ഒഴിഞ്ഞുനിൽക്കുന്ന നിലയിൽ ഏറെ കാലം കേരളം കാണപ്പെട്ടിരുന്നു. അതെല്ലാം പഴങ്കഥയായി മാറുന്ന കാഴ്ചയാണ് നാം ഇപ്പോൾ കാണുന്നത്. ലഹരിവില്പനയുടെ മാർക്കറ്റ് ആയി നമ്മുടെ പ്രബുദ്ധകേരളം തരംതാഴുകയോ! സ്കൂളുകളും കോളേജുകളും ലഹരിവില്പനയുടെ പ്രധാന മാർക്കറ്റുകൾ ആയി എന്നു തിരിച്ചറിയുക; നമ്മുടെ നാളത്തെ തലമുറ ഏതു കോലത്തിലാകും?

പെൺകുട്ടികൾ ലഹരി നുണയുന്നതിൽ ‘ലിംഗസമത്വം’ നേടിയതാണ് നമ്മെ പരിഭ്രാന്തരാക്കുന്ന മറ്റൊരു കാര്യം. ഭാവിയിലെ അമ്മമാർ! മക്കളെ പോറ്റിവളർത്തി സമൂഹത്തിനും കുടുംബത്തിനും കൊള്ളാകുന്നവരായി മാറ്റേണ്ടവർ! ലഹരിമാഫിയയും സെക്സ്റാക്കറ്റും കൈകോർത്തു പിടിച്ചു നീങ്ങുന്ന രണ്ടു പ്രസ്ഥാനങ്ങളാണ് എന്നു തിരിച്ചറിയാതെ നൈമഷികസന്തോഷത്തിന്റെ പുറകേ പോകുന്ന പെൺകുട്ടികൾ! ഒരിക്കലും സ്വസ്ഥതയുള്ള ജീവിതത്തിലേക്ക് മടങ്ങിവരുവാൻ കഴിയാത വണ്ണം സ്വയം നശിച്ചുപോകുന്നവർ!

ലഹരിയുടെ പിന്നാലെ പോയി ജയിലിൽ ആയവരും ആത്മഹത്യ ചെയ്തവരുമുണ്ട്. മാനസികവിഭ്രാന്തിയുള്ളവരായി മാറിയവരും ഉണ്ട്. തിരിച്ചറിയുക, തിരുത്തുക.

❍

# എം. വി. സെബാസ്റ്റ്യൻ
# എഴുതിയ പുസ്തകങ്ങൾ

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. സത്യം തേടിയുള്ള അന്വേഷണം
3. കുടുംബജീവിതം
4. മൂപ്പൻ
5. ഓബദ്യാവ് (പുസ്തകപഠനം)
6. മീഖാ (പുസ്തകപഠനം)
7. മൂലഭാഷകളുടെ സൗന്ദര്യം
8. ചോദ്യവും ഉത്തരവും
9. സഭ
10. തലമുറകൾ
11. മഹാകവി കെ. വി. സൈമൺ
12. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
13. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
14. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
15. ഇമ്മാനുവിന്റെ സംശയങ്ങൾ
16. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
17. പരിശുദ്ധാത്മാവ്
18. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
19. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
20. യോവേൽ (പുസ്തകപഠനം)

**ആദ്യത്തെ രണ്ടു പുസ്തകങ്ങൾ മാത്രം പ്രിന്റ് ചെയ്തിട്ടുണ്ട്. ആവശ്യപ്പെടുന്നവർക്ക് അത് സൗജന്യമായി അയച്ചുതരുന്നതാണ്. ബാക്കിയുള്ള പുസ്തകങ്ങൾ വെബ്സൈറ്റിലുണ്ട്**

വെബ്സൈറ്റ് സന്ദർശിക്കുക. 2020 മുതലുള്ള *റിയൽ ലൈഫ് വോയ്സി*ന്റെ ലക്കങ്ങളും വെബ്സൈറ്റിലുണ്ട്. ഡൗൺലോഡ് ചെയ്തു ഉപയോഗിക്കേണ്ടവർക്ക് അങ്ങനെ ചെയ്യാവുന്നതാണ്.

**www.reallifevoice.in**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th September 2022

Posted at
Thrissur RMS

**ആനുകാലികം**

## വീട്ടിൽ പ്ലാസ്റ്റിക് പരിശോധന: 10000 രൂപ പിഴയിട്ട് പഞ്ചായത്ത്!

സ്വന്തം വീട്ടുമുറ്റത്ത് പ്ലാസ്റ്റിക് മാലിന്യം കൂട്ടിയിടുകയും സംസ്കരണത്തിനു നൽകാതിരിക്കുകയും ചെയ്ത വീട്ടുടമയ്ക്ക് 10000 രൂപ പിഴ. ഇരിങ്ങാലക്കുട കാട്ടൂർ സ്വദേശിയുടെ വീട്ടിൽ ആരോഗ്യവകുപ്പും പഞ്ചായത്ത് അധികൃതരും ചേർന്ന് നടത്തിയ പരിശോധനയിലാണ് പിഴ ചുമത്തിയത്. വീടുകളിലും പരിശോധന നടത്തി പ്ലാസ്റ്റിക്കിന് പിഴ ചുമത്തുന്നതിനുള്ള അധികാരം ഉപയോഗിച്ച് തദ്ദേശ ഭരണസ്ഥാപനം സ്വീകരിക്കുന്ന അപൂർവ്വ നടപടിയായി ഇത്.

സ്വന്തം വീട്ടിലെ മാലിന്യസംസ്കരണത്തിന്റെ ഉത്തരവാദിത്തം വീട്ടുടമയ്ക്കാണെന്നു നിശ്ചയിച്ച് 2016 ൽ ഉറവിട മാലിന്യ സംസ്കരണത്തിന് സോളിഡ് വേയ്സ്റ്റ് മാനേജ്മെന്റ് നിയമം കേന്ദ്രം പാസ്സാക്കിയിരുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ 2018 ൽ സംസ്ഥാന സർക്കാർ ഉറവിട മാലിന്യസംസ്കരണ നയം രൂപീകരിച്ചു. ഇതുപ്രകാരം ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കണം. പ്ലാസ്റ്റിക് പോലുള്ള അജൈവം വേർതിരിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറുകയും വേണം. ഇതിന് തദ്ദേശസ്ഥാപനങ്ങൾ ഹരിതകർമ്മസേന രൂപീകരിക്കുകയും ഫീസ് നിശ്ചയിക്കുകയും വേണമെന്നും നിയമം അനുശാസിക്കുന്നു.

പല തവണ ആവശ്യപ്പെട്ടിട്ടും കാട്ടൂരിലെ വീട്ടുടമ അജൈവമാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറാൻ തയ്യാറാകാഞ്ഞതിനാലാണ് പരിശോധന നടത്തി നോട്ടീസ് നൽകിയതെന്ന് സെക്രട്ടറി അറിയിച്ചു. *(2022 ആഗസ്റ്റ് 25 ലെ പത്രവാർത്ത)*

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V